ഊരുഭംഗം

വള്ളത്തോൾ

Digitized By Kerala Sahitya Akademi

1880

ഊരുഭംഗം

(ഭാസകൃതി)

പരിഭാഷകൻ:

വള്ളത്തോൾ.

പ്രസാധകൻ:

ഏ. ഡി. ഹരിശർമ്മാ.

രണ്ടാം പതിപ്പ്; കോപ്പി 1000

മംഗളോദയം പ്രസ്സ്,

തൃശ്ശിവപേരൂർ

1104 (വില ൩; ണ.

(പരിഭാഷകൻെറ ഒപ്പുടയാളം ഇല്ലാത്ത പുസ്തകം വ്യാജനിർമ്മിതമായിരിക്കും)

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിന്റെ

മുഖവുര

പ്രസിദ്ധനാടകകവിയായ ഭാസൻ ഭാഷാസാഹിത്യരസികന്മാർക്കു ഇപ്പോൾ തീരെ അപരിചിതനല്ല. കവികുലഗുരുവായ കാളിദാസനുംകൂടി നാടകരചനയിൽ മാർഗ്ഗദർശിയായിത്തീർന്നതു ഈ മഹാകവിയത്രെ. ക്രി: പി: ഒന്നാം ശതാബ്ദത്തിലോ രണ്ടാംശതാബ്ദത്തിലോ ജീവിച്ചിരുന്നതായി വിചാരിക്കപ്പെട്ടുപോരുന്ന ഇദ്ദേഹത്തിന്റെ ജീവചരിത്രത്തെ സംബന്ധിച്ചു കൂടുതൽവിവരങ്ങളൊന്നും ലഭിക്കുന്നതിനു സംഗതിയായില്ല.

"കാരണം തു കവിത്വസ്യ ന സമ്പന്ന കുലീനതാ
ധാവകോപി ഹി യൽ ഭാസഃ കവീനാമഗ്രിമോഭവൽ"

രാജശേഖരന്റെ കവിവിമർശത്തിൽ കാണുന്ന ഈ പദ്യത്തിൽനിന്നു ഭാസൻ രജകജാതിയിൽപ്പെട്ട ആളായിരുന്നു എന്നു മാത്രം നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്.

അനന്തരകവികളായ കാളിദാസപ്രഭൃതികൾ ഭാസന്റെ ആശയങ്ങളെ പലപ്പോഴും പകർത്തീട്ടുള്ളതായി കാണുന്നുണ്ട്. കാളിദാസന്റെ കാലത്തു ഭാസന്റെ കൃതികൾക്കു ധാരാളം പ്രചാരവും ജനസമ്മതിയും സിദ്ധിച്ചിരുന്നു: "ഭാസൻ തുടങ്ങിയുള്ളവരുടെ നാടകങ്ങൾ എടുക്കാതെ നവീനകവിയായ കാളിദാസന്റെ കൃതിയിൽ സദസ്സിനു ബഹുമാനം വരാമോ?" എന്നു മാളവികാഗ്നി

Digitized By Kerala Sahitya Akademi

മിത്രത്തിന്റെ പ്രസ്താവനയിൽ പരിചാരകൻ സൂത്രധാരനോടു ചോദിക്കുന്നതായ ഒരു ഭാഗമുണ്ടു്. ഈ പ്രയോഗം ഔദ്ധത്യപരിഹാരത്തിനുവേണ്ടിച്ചേർത്തതാണെന്നു വേണമെങ്കിൽ വാദിക്കാമെങ്കിലും, ഭാസന്റെ കൃതികളെ അന്നു ജനങ്ങൾ അസാമാന്യമായി ബഹുമാനിച്ചുവന്നിരുന്നു എന്നുള്ള സംഗതിയെ അപവദിക്കാൻ ആരും പുറപ്പെടുമെന്നു തോന്നുന്നില്ല. സാമാന്യജനങ്ങൾക്കു ലോകത്തിൽ നിത്യപരിചിതങ്ങളായ വസ്തുക്കളെ സന്ദർഭോചിതമായി ഉപമാനങ്ങളാക്കിച്ചേർത്തു, വർണ്ണ്യവസ്തുവിന്റെ രൂപം വായനക്കാരുടെ മനോദർപ്പണത്തിൽ വിശദമായി പ്രതിഫലിക്കത്തവിധം വർണ്ണനയിൽ തന്മയത്വം വരുന്നതിനുള്ള സാമർത്ഥ്യം ഇല്ലായിരുന്നു എന്നു വരികിൽ കാളിദാസനു ഭാസനെ അതിക്രമിക്കാൻ സാധിക്കുമോയിരുന്നുവോ എന്നു സംശയമാണ്. "പ്രകൃത്യാ രമണീയങ്ങളായ വസ്തുക്കൾ സർവ്വാവസ്ഥയിലും ഹൃദയംഗമങ്ങളായിത്തന്നെയിരിക്കും" എന്നുള്ള ഭാസന്റെ ഒരു ചെറിയ വാക്യത്തിലെ ആശയത്തെയാണ്, കാളിദാസൻ ശാകുന്തളത്തിൽ,

"ഫുല്ലാബ്ജത്തിനു രമ്യതയ്ക്കു കുറവോ പായൽ പതിഞ്ഞീടിലും?
ചൊല്ലാർന്നോരഴകില്ലയോ പനിമതിക്കങ്കം കറുത്താകിലും?
മല്ലാക്ഷീമണിയാളിക്കാ വല്കലമിതും ധരിക്കുമ്പൊഴാവഹം:
നല്ലാകാരമതിന്നലങ്കരണമാമെല്ലാപ്പദാർത്ഥങ്ങളും."

എന്ന ഒരു വലിയ പദ്യംകൊണ്ടു വിശദീകരിക്കുന്നതു് ഭാസന്റെ കവിതപ്രകൃതിയുടെ അന്തർഭാഗത്തെയാണ് അധികമായി സ്പർശിക്കുന്നത്, കാളിദാസനാകട്ടേ, ത

Digitized By Kerala Sahitya Akademi

ന്റെ ചുററും കാണുന്ന പ്രകൃതിയെ ബാഹ്യമായും ആഭ്യന്തരമായും അടിമുതൽ മുടിവരെ പരിശോധിച്ച മനോധർമ്മംകൊണ്ട് ആശയങ്ങളെ മിനുക്കിപ്പുതുക്കീട്ടാണ് കവിതയെഴുതിയിട്ടുള്ളതു്

പാശ്ചാത്യവിദ്യാഭ്യാസസമ്പന്നന്മാരായ ചില ആധുനികഭാഷാഭിമാനികൾക്കു, പൌരസ്ത്യസാഹിത്യത്തിൽ ദുഃഖപര്യവസായികളായ നാടകങ്ങൾ ഇല്ലാത്തതിനെപ്പററി ഒരാക്ഷേപം ഇടക്കാലത്തുണ്ടായിരുന്നു. നിരാധാരമാണെങ്കിലും, ഈ അപവാദം കുറെക്കാലത്തേയ്ക്കു നിലനിന്നുപോന്നു. പഴയ ഗ്രന്ഥപ്പുരകളിൽ കിടന്നു വളരെക്കാലത്തെ അജ്ഞാതവാസക്ലേശം അനുഭവിച്ചു, ഭാരതീയരുടെ ഭാഗ്യാതിരേകംകൊണ്ടു വീണ്ടും രംഗപ്രവേശം ചെയ്ത ഭാസനാടകചക്രമാണ് ഈ അപവാദത്തെ സമൂലനാശം ചെയ്തത് 'ഉദാത്തരാഘവം' എന്ന ഭാസകൃതിയിൽനിന്നു അദ്ദേഹം ൧൩ നാടകങ്ങൾ നിർമ്മിച്ചിട്ടുള്ളതായി നമുക്കു മനസ്സിലാകുന്നുണ്ട്. അതിനുശേഷം മററു വല്ല കൃതികളും അദ്ദേഹം നിർമ്മിച്ചിട്ടുണ്ടോ എന്നു നമുക്കു നിശ്ചയിക്കവയ്യ. ഉണ്ടായിരിക്കാമെന്നു സംഖ്യകൊണ്ടു മാത്രം നാം ധരിച്ചുവെച്ചിട്ടുള്ള നാടകങ്ങളെല്ലാം ഇനിയും കണ്ടുപിടിച്ചിട്ടില്ല. കണ്ടുപിടിക്കപ്പെട്ടിട്ടുള്ളവയിൽ ഊരുഭംഗം ഒന്നുമാത്രമേ ദുഃഖപര്യവസായിയായിട്ടുള്ളു. ഇനി 'കിരണാവലി' എന്നൊരു കൃതിയും കൂടി ദുഃഖപര്യവസായിയായിട്ടുണ്ടെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു. ഇതുകൂടാതെയും വല്ല കൃതികളും ഉണ്ടായിരിക്കുമോ എന്നോ? കരുണരസപ്രധാനമായ ഈ

Digitized By Kerala Sahitya Akademi

ഭംഗമാണ്, ഭാസൻെറ ചെറിയതരം കൃതികളിൽവെച്ച് അതിവിശിഷ്ടം എന്നത്രേ സഹൃദയന്മാരായ വിദ്വാന്മാരുടെ ഏകകണ്ഠമായ അഭിപ്രായം.

ഭീമസേനകർത്തൃകമായ ദുര്യോധനൻെറ "ഊരുഭംഗ"വും, ഭഗ്നോരുവായ ആ വീരൻ പശ്ചാത്താപത്തോടുകൂടി പുത്രകളത്രാദികളോടു ചെയ്യുന്ന ഉപദേശവുമാണ് പ്രകൃതകൃതിയിലെ വിഷയം. അതുകൊണ്ട് ഇതിവൃത്തം പ്രഖ്യാതമാണെന്നു സ്പഷ്ടം.

"വൈരം പശ്ചാത്താപമായി കലാശിച്ചു" എന്നു മുൻകോപിയായ ബലഭദ്രനെക്കൊണ്ടുകൂടി മനസ്സലിഞ്ഞു പറയിക്കത്തക്കവണ്ണം, അവസാനകാലത്തു ദുര്യോധനൻെറ സ്വഭാവം അത്യധികം വ്യത്യാസപ്പെട്ടതായിട്ടാണ് ഭാസൻ വർണ്ണിച്ചിരിക്കുന്നത്. "അഞ്ചുപേർക്കും കൂടി താമസിക്കുന്നതിന് ഒരു വീടെങ്കിലും കിട്ടിയാൽ മതി" എന്നുള്ള പാണ്ഡവന്മാരുടെ അപേക്ഷയെ അധിക്ഷേപത്തോടുകൂടി ഉപേക്ഷിച്ച അഭിമാനിയായ ആ ദുര്യോധനൻതന്നെ, ഒടുവിൽ തൻെറ ഓമനമകനോടു "ദുർജ്ജയ, പാണ്ഡവന്മാരെ എന്നെ എന്നപോലെ ശുശ്രൂഷിക്കണം; അമ്മ കുന്തീദേവി പറയുന്നതുപോലെ നടക്കണം; അഭിമന്യുവിൻെറ അമ്മ, ദ്രൗപദി എന്നിവരെ അമ്മയെപ്പോലെ ആദരിക്കണം—" എന്നൊക്കെ ഉപദേശിക്കുന്നതു യഥാർത്ഥപശ്ചാത്താപജന്യമായ മനസ്സംസ്കാരത്തിൻെറ ഫലമായിട്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടായിരിക്കാം?

Digitized By Kerala Sahitya Akademi

വളരെ പശ്ചാത്തപിച്ചുവെങ്കിലും അതിലധികം മനസ്സമാധാനത്തോടു കൂടി മരിച്ച ദുര്യ്യോധനന്റെ മാതൃഭക്തി നോക്കുക:

"കമ്പിട്ടു ചൊല്ലാം: പുണ്യം ഞാൻ ചെയ്തിട്ടുണ്ടെന്നിരിക്കിലോ
മറുജന്മത്തിലുമെനിക്കമ്മയാകിവിടുന്നു താൻ."

എന്നാണ് "ധീരപുത്രന്മാരെ പ്രസവിച്ച" മാതാവിനോടു ആ ആസന്നമരണൻ പ്രാർത്ഥിക്കുന്നത്

നാഗാനന്ദത്തിലെ ശംഖചൂഡന്റെ പ്രാർത്ഥനയും ഏകദേശം ഇതേ ഛായയിലാണ് ശ്രീഹർഷൻ ആശയാപഹരണം നടത്തിയതാണോ എന്നു പ്രബലമായ സംശയമുണ്ടു്

* 'യസ്യാം യസ്യാം ജനൌ മാതസ്സമുത്പത്സ്യാമഹേ വയം
തസ്യാം തസ്യാം പ്രിയഃപുത്രാ, മാതാ ഭൂയാസ്ത്വമേവ നഃ."

എന്നാണ് ശംഖചൂഡന്റെ പ്രാർത്ഥന.

പരിഭാഷകനായ ശ്രീമാൻ വള്ളത്തോൾ നാരായണമേനോനവർകൾ ഒരു യഥാർത്ഥവാസനാകവിയുടെ നിലയിൽ മലയാളികൾക്കു ധാരാളം പരിചിതനാകയാൽ അദ്ദേഹത്തെപ്പററി എന്തെങ്കിലും പറയുന്നതു ചർവ്വിതചർവ്വണമായിട്ടേ വരികയുള്ളു. സാഹിത്യരസികന്മാരെ ഇളക്കിമറിച്ച "ബന്ധനസ്ഥനായ അനിരുദ്ധൻ", കരുണരസം കവിഞ്ഞൊഴുകുന്ന "ബധിരവിലാപം", പശ്ചാ

---

* അമ്മേ, മേലാലെനിക്കുള്ള ജനനങ്ങളിലൊക്കെയും
മക്കളിൽപ്പ്രേമമേറും നീ താനമ്മയായി വരേണമേ!

Digitized By Kerala Sahitya Akademi

ത്താപത്തിന്റെ യഥാൎത്ഥസ്വരൂപത്തെ കാണിക്കുന്ന "ഒരു കത്ത്", സഹൃദയഹൃദയാഹ്ലാദകമായ "ഗണപതി" മുതലായ ഖണ്ഡകൃതികൾകൊണ്ടുതന്നെ കവിലോകത്തിൽ ശാശ്വതസ്മരണീയമായ ഒരു സ്ഥാനത്തെ അദ്ദേഹം അവലംബിച്ചു കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ സഹജമായ കവനപാടവം ഈ പരിഭാഷയിലും തെളിഞ്ഞു കാണാം; എന്നുമാത്രമല്ല, പല ഭാഗങ്ങളും സ്വതന്ത്രകൃതിയെപ്പോലെ ഹൃദയംഗമങ്ങളുമായിട്ടുണ്ട്.

കിം ബഹുനാ? ഇതിവൃത്തം സൎവ്വദേശസമ്പൂൎണ്ണവും പ്രഖ്യാതവുമായ ഒന്ന്; മൂലഗ്രന്ഥകൎത്താവ്, കവിതാവനിതയുടെ വാസമായി ശോഭിക്കുന്ന സാക്ഷാൽ ഭാസമഹാകവി; പരിഭാഷകനോ, 'മലയാളിടാഗോർ' എന്നു പ്രസിദ്ധനായ ഒരു കവിതിലകൻ: ഒരു കൃതിക്കു, ഇതിലധികമായി എന്തൊരു ഭാഗ്യമാണ് സിദ്ധിക്കാനുള്ളത്?

സാരസ്വതമഠം,
പള്ളിപ്പുറം
൱൪-൭-൩൮

ശാസ്ത്രി എ. ഡി. ഹരിശൎമ്മാ.
പ്രസാധകൻ.

Digitized By Kerala Sahitya Akademi

ഊരുഭംഗം

— —

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ:— ശാർദ്ദൂലവിക്രീഡിതം.

ഭീഷ്മദ്രോണതടം, ജയദ്രഥജലം,
ദുര്യോധനൌഘം, മഹാ-
കർണ്ണദ്രോണികൃപോർമ്മിമീൻമുതല, ഗാ-
ന്ധാരക്ഷയം, വിൽമണൽ,
പാർത്ഥനീവിധമാം രിപുപ്പുഴ കട-
പ്പാനാത്ത ചങ്ങാടമായ്,
നിങ്ങൾക്കാബ് ഭഗവാനരാതിതരണ-
ച്ചങ്ങാടമാകേണമേ! (൧)

ആര്യമിശ്രന്മാരോട് ഇപ്രകാരം അറിയിക്കാം. ഏയ്! ഞാൻ അറിയിക്കാൻ തുടങ്ങിയപ്പോൾ എന്താണൊരു ശബ്ദം കേൾക്കുന്നത്? ആകട്ടെ, നോക്കാം.

(അണിയറയിൽ)

ഹേ, ഇതാ ഞങ്ങൾ, ഇതാ ഞങ്ങൾ!

---

൧. ദുര്യോധനൌഘം=ദുര്യോധനനാകുന്ന പ്രവാഹം. ഗാന്ധാരൻ=ശകുനി. വിൽമണൽ=മുറിഞ്ഞു ചിതറിക്കിടക്കുന്ന വില്ലുകൾ (മറ്റായുധങ്ങളും) ആകുന്ന മണൽ. അരാ.........ങ്ങാടം= ശത്രുക്കളെ കടപ്പാനുള്ള യാനപാത്രം.

Digitized By Kerala Sahitya Akademi

സൂത്രധാരൻ:— ശരി, മനസ്സിലായി.

പാരിപാർശ്വികൻ:— (പ്രവേശിച്ച്) അങ്ങുന്നേ, ഇതാ, ഇതു എന്തിനായിരിക്കാം,

സ്വാരാജ്യത്തിനു സംഗരക്രതുവിൽ മെയ് ന്ന പ കം
ഹോമിക്കുവാനുന്നിയും,
നാരാചാവലി തോമരങ്ങളിവയേ-
റേറെപ്പുരിക്കേന്തിയും,
ഘോരം മത്തഗജേന്ദ്രർ കൊമ്പുരസിയാ-
രംഗത്തൊട്ടും, തങ്ങളിൽ
ഗ്രേഷ്ഠസൈസ്വരം വീശ്ശ'മുരച്ചുനോക്കി'യടനം-
ചെയ്യുന്നിതിയ്യാളുകൾ? (൧)

സൂത്രധാരൻ:—മാരിഷ, തനിക്കു മനസ്സിലായില്ലയോ? ധൃതരാഷ്ട്രരുടെ പങ്കിൽ പുത്രന്മാർ നൂറുപേരും മൃതിപ്പെട്ടു ദുര്യോധനൻ മാത്രവും, യുധിഷ്ഠിരൻെറ പങ്കിൽ പാണ്ഡവകൃഷ്ണന്മാർ മാത്രവും ബാക്കിയായപ്പോൾ, രാജാക്കന്മാരുടെ ദേഹങ്ങൾ ചിന്നിക്കിടക്കുന്ന സമന്തപഞ്ചകത്തിൽ,

വസന്തതിലകം

പോരിൽഗ്ഗജാശ്വഭടപാർത്ഥിവർ ചത്തുവീണു,
[൨· ചായം കലമ്പിടയാരു ചിത്രപടം കണക്കെ

൧. സ്വാരാജ്യത്തിന്ന്=സ്വർഗ്ഗം കിട്ടാൻ. സംഗരക്രതു=യുദ്ധമാകുന്ന യാഗം. നാരാചം=ഇരുമ്പമ്പ്. അടനം=സഞ്ചാരം.

Digitized By Kerala Sahitya Akademi

കീഴ്ശ്ശേൽ മറിഞ്ഞകൊലവീടണയുന്ന യോധർ,
(ഭീമൻ സുയോധനനുമായടർ ചെയ്തിടുമ്പോൾ.) (൩)

(രണ്ടുപേരും പോയി)

സ്ഥാപന കഴിഞ്ഞു.

(പിന്നെ മൂന്നു ഭടന്മാർ പ്രവേശിക്കുന്നു)

ഒന്നാമൻ:— ഉൽപ്ലവം

വൈരത്തിൽ പചനം, ബലത്തിനുരക-
ല്ലാ,ത്മാഭിമാനാലയം,
സ്വാരാജ്യപ്രമദാസ്വയംവരസദ-
സ്സ്,ൽക്കൃഷ്ണശൌര്യാസ്പദം,
പാരീശക്ഷ്വസനാവീരശയനാം,
പ്രാണാഗ്നിഹോമാദ്ധ്വരം,
നേരായ് വാനിനു ചേൎന്ന പാല,മടരെ-
ന്നുള്ളാശ്രമം പുക്ക നാം. (൪)

രണ്ടാമൻ:— ശരിയാണു താൻ പറയുന്നതു്

പാറയൊത്ത ഗജരാജമെയ്മലകൾ ചിന്നി
ദിക്കുകളിലൊക്കവേ;
കേറിവാണിടുകയായ് കഴുക്കൾ, രഥിവീരർ
ചത്ത രഥപംക്തിയിൽ;
മാരണത്തൊഴിൽപെടും രണത്തിലെതിരിട്ട-
താത്തു ചിരമാചരി.

---

൩. കൊലവീട്ട്=പോർക്കളം.

൪. പചനം=പചിക്കൽ.

൫. രഥിവീരർ=തേരിലേറി പൊരുതുന്നവർ.

Digitized By Kerala Sahitya Akademi

ച്ചീ രസേശർ കൊലചെയ്തുനിന്നു കൊലവെട്ട
ന്ദ്രേശ്വരവിണ്ടലമണഞ്ഞു പോയ്. (൧)

മൂന്നാമൻ: — വാസ്തവമാണിത്.

ഉത്തമമിരമേധസ്ഥയൂപനിര, യുന്നതം
ഹതഗജങ്ങളാൽ
ക്ലിപ്തമാം ചയന, മസ്രമദ്ഭവിധി, വൈരമാം
ജ്വലിതപാവകൻ,
വിസ്തൃതധ്വജവിതാനസംഹതികൾ, സിംഹ–
നാദപടുമന്ത്രി–
ച്ചത്ത പുരുഷപശുക്കളെന്നിവയുമായ്
നടന്നു സമരാധ്വരം. (൨)

ഒന്നാമൻ: — ഇതാ, നിങ്ങൾ മറ്റൊന്നു നോക്കുവിൻ!

അന്യോന്യമെയ്ത ശരമേറ്റുയിരറ്റു യുദ്ധ–
മന്നിൽപ്പതിച്ച നൃപർതൻ തനുഭൂഷണത്തെ
തിണ്ണന്നിതിങ്കലിത, കൊത്തിവലിച്ചിടുന്നു
തുണ്ഡത്തിൽ മാംസസാരവാർന്ന വിഹംഗമങ്ങൾ. (൩)

രണ്ടാമൻ: —

പടക്കു കോപ്പൊക്കെയണിഞ്ഞൊരാന, കൈ–
തുടർന്നിരിമ്പമ്പുകളേറ്റു വീഴ്കയാൽ,

---

൧. രസേശർ=രാജാക്കന്മാർ. (രസ=ഭൂമി.)

൨. യൂപം=യജ്ഞസ്തംഭം. ക്ലിപ്തം=നിർമ്മിതം. ചയനം 'ഇഷ്ടക പടുക്കൽ.' പശുക്കൾ=ബലിപ്രാണികൾ. അധ്വരം=യാഗം.

Digitized By Kerala Sahitya Akademi

അടന്ന മെയ്ച്ചട്ടയോടമ്പു വില്ലുമാ-
യുടഞ്ഞ രാജായുധശാല പോലെയായ്. ഉപമ (൮)

മൂന്നാമൻ:—ഇതാ, നിങ്ങൾ മറ്റൊന്നു നോക്കുവിൻ!
ചന്തം ചേരും ധ്വജാഗ്രച്യുതമലർനിരയാ-
ലുത്തമാംഗത്തിൽ മാല്യം
ബന്ധിയ്ക്കപ്പെട്ടോ, രമ്പേറ്റിയ കരമൊടെഴും
ചത്ത തേരാളിതന്നെ,
ബന്ധുപ്പെണ്ണുങ്ങൾ പുത്രികണവനെ വഹനാ-
ത്തിങ്കൽനിന്നെന്നപോലേ,
വൻതേരിന്നുള്ളിൽനിന്നീക്കുന്നരികളിറ-
ക്കുന്നു ചിത്രം കളിപ്പോൾ. (൯)

എല്ലാവരും:—ഹാ, ഹാ, ചത്തുവീണ ആളാനകുതിരകളുടെ രക്തംകൊണ്ടു നിലം ചളിപ്പെട്ടു; ചട്ട, പരിച, കുട, വെൺചാമരം, തോമരം, ശരം, കുന്തം, കഞ്ചുകം, കബന്ധം, മുതലായവ ചുറ്റും ചിന്നിച്ചിതറി; വേൽ, പ്രാസം, ഖേടകം, ഭിണ്ഡിപാലം, ശൂലം, ഉലക്ക, മുൾത്തടി, വരാഹകർണ്ണം, കണയം, കപ്പണം, ശങ്കു, ത്രാസി, ഗദ തുടങ്ങിയ ആയുധങ്ങൾ ചിതറിക്കിടക്കുന്ന സമന്തപഞ്ചകത്തിന്റെ ഭയങ്കരത!

ഒന്നാമൻ:—ഇവിടെയാകട്ടെ,

---

൯. ഉത്തമാംഗം=ശിരസ്സ്. വഹനം=വണ്ടി.

Digitized By Kerala Sahitya Akademi

പിന്നിട്ടീടുന്നു രക്തപ്പുഴ നിഹതഗജ-
പ്പാലമേറിജ്ജനൌഘം,
ഛിന്നന്മാർ സൂതരൊന്നിച്ചു,രഥരഹിതമാം
തേർ വഹിപ്പൂ ഹയങ്ങൾ;
മുന്നഭ്യാസത്തിനാലൊട്ടുടലുകൾ തല പോ-
യിട്ടുമങ്ങോടിടുന്നു;
തന്നാൾക്കാർ വിട്ട മത്തദ്വിരദനിര പല-
ടത്തുമായ്ച്ചുറ്റിടുന്നു. (൧൦

രണ്ടാമൻ:—മറ്റൊന്നു നോക്കുവിൻ! ഇതാ,
ഇരിപ്പപ്പൂമൊട്ടിൻനിറമൊടു തുറി-
ച്ചുള്ള മിഴി, കൂ-
ർത്തുരത്താനൂത്താട്ടിയ്യേതിർവളവെഴും
കൊക്കിവയുമായ്
പരത്തിപ്പേർത്താട്ടും ചിറകുടയ ഗൃ-
ദ്ധ്രങ്ങൾ പിശിതം
ധരിച്ചുല്ലാസിപ്പൂ പവിഴവിശറി-
യ്ക്കൊത്തു ഗഗനേ. (൧൧

മൂന്നാമൻ:—
പോരാൽ ഗജാശ്വനൃപയോധർ പതിച്ചു കുന്ത-
നാരാചതോമരശരാസികൾ ചിന്നി, നീളേ
പ്രേക്ഷേലോരാക്കരശ്മിയിൽ വിളങ്ങിയ മന്നിതിങ്കൽ-
ത്താരാഗണം പതറി വീണതുപോലെ തോന്നും;(൧

---

൧൧. പിശിതം=മാംസം.

Digitized By Kerala Sahitya Akademi

ഒന്നാമൻ:— ഈ അവസ്ഥയിലും ക്ഷത്രിയന്മാക്കു തേജി
സ്സു വിട്ടുപോയിട്ടില്ല; ഇവിടെ

ചെഞ്ചുണ്ടാമിതൾ, പേത്തുരുട്ടിയ മിഴി-
കാർവണ്ടണിഭ്രൂകുടീ-
കിഞ്ജല്ക്കങ്ങൾ, കിരീടകർണ്ണിക,യിരു-
മ്പമ്പാമുയർത്തണ്ടുമായ്,
പോരിൽശ്ശൌൎയ്യദിവാകരോല്ലസിതമായ്
നിഷ്കമ്പമാകും നില-
ത്തണ്ടാർപ്പൊയ്കയെയൊന്നു നിർഭയനരേ-
ന്ദ്രാസ്യങ്ങൾ നിർമ്മിച്ചിതോ! (൧൩)

രണ്ടാമൻ:— ഇത്തരത്തിലുള്ള ക്ഷത്രിയരേയും മൃത്യു കീഴ
ടക്കിക്കളയുന്നു. അപകടത്തിൽപ്പെട്ട ആൾക്കാക്കു രാ
ജബലം നിലനിത്താനാവുകയില്ലല്ലൊ.

മൂന്നാമൻ:— എന്ത്? ക്ഷത്രിയരേയും കിഴടക്കിക്കളയുന്നു
എന്നോ?

ഒന്നാമൻ:— എന്തു സംശയം?

മൂന്നാമൻ:— ഇങ്ങിനെ പറഞ്ഞുകൂട.

കെല്പിൽ ഖാണ്ഡവധൂമധൂമ്രഗഗണമായ്,-
സ്സംശപ്തകധ്വംസിയായ്,
സ്വർഗ്ഗാക്രന്ദഹരം നിവാതകവച-
പ്രോന്മർദ്ദിയാം കാർമ്മുകം

---

൧൩. കിഞ്ജല്ക്കങ്ങൾ = അല്ലികൾ. ഉയർത്തണ്ട് = ഉയന്നതണ്ടു്. നിർ......സ്യങ്ങൾ = ഭയമില്ലാത്ത രാജാക്കന്മാരുടെ മുഖങ്ങൾ.

൧൪. സ്വർഗ്ഗാക്രന്ദഹരം = സ്വർഗ്ഗത്തിലെ നിലവിളിയെ നശി
പ്പിച്ചതു്.

Digitized By Kerala Sahitya Akademi

കൈക്കൊണ്ടിന്നു, ഹരങ്കലെഴ്ത്ത പരിശേ-
ഷിച്ചുള്ള ബാണങ്ങളാൽ
പാൎത്ഥൻ മൃത്യുവിനേകിവിട്ടു പടയിൽ-
ഗ്ഗൎവ്വാളുമുവീശരെ. (൧൪)

എല്ലാവരും:—എയ്, ഒരു ശബ്ദം!
ശാൎദ്ദൂലവിക്രീഡിതം
കാററിൻ പാഴിടിവെട്ടലോ? പൊടികയോ
ശൈലങ്ങളിം വജ്രം പതി-
ച്ചോ?-റെബ്ഭീഷണഘോഷമേറ്റുമിടിവാളിം
വിണ്ണാഴി വിളങ്ങുന്നിതോ?
ഭൂതം പാരാവാരമൊരത്ത കാററിലിളകി-
ത്തുള്ളും തിരച്ചാൎത്തിനാൽ
പാരം മന്ദരകന്ദരങ്ങളെ മുഴ-
ക്കിക്കൊണ്ടിരമ്പുന്നിതോ? (൧൫)

ആവട്ടെ, നമുക്കു നോക്കാം.

(എല്ലാവരും ചുററിനടക്കുന്നു.)

ഒന്നാമൻ:—എയ്, ഇതാ, പാഞ്ചാലിയുടെ തലമുടി തീണ്ടിയതിൽ അരിശം പൂണ്ട മദ്ധ്യമപാണ്ഡവനായ ഭീമസേനനും, നൂറു സഹോദരന്മാരേയും കൊന്നതിൽ കുപിതനായ ദുൎയ്യോധനമഹാരാജാവും തമ്മിൽ, കുരുകുലത്തിന്നും യദുകുലത്തിന്നും ഈശ്വരന്മാരായ വ്യാസൻ ബലഭദ്രൻ കൃഷ്ണൻ വിദുരൻ മുതൽപേരുടെ മുമ്പിൽവെച്ചു ഗദായുദ്ധം തുടങ്ങിക്കഴിഞ്ഞു.

Digitized By Kerala Sahitya Akademi

രണ്ടാമൻ: —

തങ്കപ്പൊറ തൊഴും വൃകോദരമഹാ-
　　മാറത്തു തല്ലേററു,മീ-
വിൺകുംഭീന്ദ്രകരോഗ്രമാകിയ കുരു-
　　ക്ഷ്മാപന്റെ തോൾ പൊട്ടിയും,
നെഞ്ചിൻവീഥികളിൽശ്ശരിച്ചിരുവരും
　　ശസ്ത്രങ്ങളേല്പിച്ചൊയാ-
ലഞ്ചൊത്തിങ്ങുയരുന്നു ദാരുണഗദാ-
　　സംഘട്ടനപ്രസ്വനം. (൧൬)

മൂന്നാമൻ: — ഇതാ, മഹാരാജാവ്

കെല്പേറും വിറയാൽ കിരീടമിളകി,
　　ക്രോധാരുണാക്ഷാസ്യനായ്,
നില്പൂ,ന്നാൻ കുറുതാക്കിയോരുടലുമായ്-
　　പ്പൊക്കുന്നു കൈ വീണ്ടുമേ,
തൃക്കൈയിൽഗ്ഗദയോ, വിരോധിരുധിര-
　　ച്ചേറാണ്ടു ശോഭിപ്പതു-
ണ്ടു,കൈലാസഗിരിയ്ക്കു മേൽമുടിയിലായ്-
　　ശ്ശക്രാശനിക്കൊപ്പമേ. (൧൭)

ഒന്നാമൻ: — ഇതാ, പോർനിണത്തിലാറാടിയ പാണ്ഡവനെ നോക്കൂ!

---

൧൬. വിൺ.....രോഗ്രം=ഐരാവതത്തിന്റെ തുമ്പിക്കൈ പോലെ കർക്കശം. സംഘട്ടനം=കൂട്ടിമുട്ടൽ.

൧൭. വിരോധിരുധിരം=ശത്രുരക്തം. ശക്രാശനി=ഇന്ദ്രന്റെ വജ്രം.

Digitized By Kerala Sahitya Akademi

ഹാ! മേൽക്കുനെററിപിളന്നു രക്തമൊഴുകി-
ത്തോൾക്കെട്ടു രണ്ടും ചത-
ഞ്ഞു, മേളിച്ചു കൊഴുത്തതാമടർനിണം-
കൊണ്ടീറനാം മാറുമായ്,
വാർന്നു മെത്തുന്ന ഗദാക്ഷതങ്ങളിൽ നിണം-
വാർന്നുല്ലസിച്ചുന്നതി-
ബ്ഭീമൻ, പാറകൾ കാവിഗീരിൽ നനയും
ശ്രീമേരുവെപ്പോലവേ. (൧൮)

രണ്ടാമൻ:—
ചാട്ടുന്നു വൻഗദ; തിമർത്തലറുന്നു; കൈ പി-
ന്മാറുന്നു; കേടെതിർതൊഴില്ക്കുടനേകിടുന്നു;
ചുററുന്നു നല്ലൊരടവിൽ; പ്രഹരിപ്പു മേന്മേൽ;
മുററും പയററരചനു,മിഹ ഭീമസേനനും. (൧൯)

മൂന്നാമൻ:— ഇതാ, വൃകോദരൻ,
ശിരസി പെരിയ തല്ലേററുന്ന രക്തത്തിൽ മുങ്ങി-
ധരണിയിൽ നിപതിപ്പൂ പോരിലെല്ലാമമേയൻ
ഗിരിസദൃശനി,ടിത്തീ വീണുടഞ്ഞിട്ടു ധാതു-
ക്കരമൊഴുകിയൊലിക്കും ഹേമകൂടാദ്രിപോലെ. (൨൦)

ഒന്നാമൻ:— ഇതാ, ഊക്കിലടിയേററിട്ടു ദേഹം കുഴഞ്ഞു
വീഴുന്ന ഭീമസേനനെ കണ്ടിട്ടു്,

---

൧൮ ആമേളിച്ചു=കൂടിച്ചേർന്നു. ഗദാക്ഷതം=ഗദയേററുള്ള മുറിവ്

൧൯. എതിർതൊഴിൽ=മാററാന്റെ പ്രയോഗം. പയററ്=അഭ്യാസം.

Digitized By Kerala Sahitya Akademi

40486

സാശ്ചര്യം വ്യാസർ താടിക്ക്യൂമേ വിരൽമുന ചേ-
ർത്താനനം പൊക്കി നില്പായ്;

രണ്ടാമൻ:—

മൂഛിപ്പു ധർമ്മപുത്രനവശത; വിദുര-
നശ്രുവാൽ കൺ നിറഞ്ഞു;

മൂന്നാമൻ:—

തൊട്ടു ഗാണ്ഡീവചാപം വിജയനഹഹ! മെ-
ല്ലോട്ടു നോക്കുന്നു കൃഷ്ണൻ;

എല്ലാവരും.—

ശിഷ്യസ്നേഹാൽ ചുഴററുന്നിതു കരിയെ, രണം
കണ്ടു നിൽക്കുന്ന രാമൻ. (൨൩)

ഒന്നാമൻ:— ഇതാ, മഹാരാജാവു പ്രസന്നനാകുക.

വീര്യാസ്പദം വിവിധരത്നവിചിത്രചൂഡ-
നാത്മാഭിമാനവിനയദ്യുതിസാഹസാഢ്യൻ
ചൊല്ലുന്നു പുഞ്ചിരിയൊടാർത്തരെ വീരർ പോരിൽ
കൊല്ലില്ല, ഭീമ, ഭയമൊക്കെയകററുകെന്നായ്(൨൪)

രണ്ടാമൻ:—ഇതാ, അപഹസിക്കപ്പെടുന്ന ഭീമസേനനെ കണ്ടിട്ടു കൃഷ്ണൻ, തൻെറ തുടമേൽ തച്ച് എന്തോ ഒരടയാളം കാണിച്ചുകൊടുക്കുന്നു.

മൂന്നാമൻ:—ഇതാ, അടയാളം കണ്ടിട്ട് ആശ്വസിച്ചു വായുപുത്രൻ,

ബദ്ധഭ്രൂകുടി, നെററിവേർപ്പോടു കര-
ത്താരിലെ തുടച്ചുംഗദോ-

൨൩: മൂർഛിപ്പു=ഏറിവരുന്നു; കരി=കലപ്പ.

ച്ചിത്രശ്രീഗദ ഘോരവക്ത്രനിരകൈ-
കൊണ്ടും പിടിച്ചങ്ങിനെ,
പുത്രൻതന്നഴൽ കണ്ട കാററുളിയോ-
ടുക്കാന്റപോലാത്തുകൊ-
ണ്ടേറ്റൽസിംഹവൃഷേക്ഷണൻ പുനരെഴു-
ന്നേല്ക്കുന്നു പൃഥ്വീതലാൽ. (൧൩)

ന്നാമൻ:— അല്ലാ, രണ്ടാമതും ഗദായുദ്ധം തുടങ്ങി. ഇതാ,

ഉള്ളംകൈകൾ നിലത്താച്ചു, ഫ്രഭുജം
രണ്ടും വെട്ടപ്പായുഴി-
ഞ്ഞു, ള്ളിൽ ക്രോധമൊടാത്തു, വിക്രമബലാൽ
ചുണ്ടും കടിച്ചഞ്ജസാ,
ധർമ്മത്തിൻവല്ലണ പോർനടപ്പിവ വെടി-
ഞ്ഞതാ, ശ്ശൗരിതൻ സംജ്ഞയാ-
ലമ്മട്ടേ ഗദ കൌരവൻെറ തുടമേൽ
പായിച്ചു പാണ്ഡുപാത്മജൻ. (൧൪)

എല്ലാവരും:— അയ്യോ, കഷ്ടം, മഹാരാജാവു വീണു പോയി!

മൂന്നാമൻ:— ഇതാ സർവാംഗം ചോരയൊലിച്ചുകൊണ്ടു

---

൧൩. അംഗ.....ഗദ = അംഗദം (മേല്പോള എന്നർത്ഥം) കൊണ്ടു വിവിധവർണ്ണമായ ഗദ. അരമിയ = കല്പിച്ചുകൊടുത്ത. പുനഃ = വീണ്ടും. പൃഥ്വീതലാൽ = നിലത്തുനിന്ന്

൧൪ ധർമ്മത്തിൻവല്ലണ = ധർമ്മവിചാരത്തോടുകൂടെ ഋജുത്വം. പോർനടപ്പ് = യുദ്ധമര്യാദ.

കുരുരാജാവു വീണതു കണ്ടിട്ടു വ്യാസഭഗവാൻ ആകാശത്തേക്കു പൊങ്ങി.

രണ്ടാമൻ:—

മത്താൽ ദൃഷ്ടിമയക്കമാന്ന ഹലി കൺ
ചിമ്മി; കുരുക്ഷ്മാപനെ—
ച്ചൊല്ലി ക്രോധമൊടക്ഷി ചിമ്മി മരുവും
താലാങ്കനെക്കാണ്കയാൽ
പിന്മാറുന്നു വാതതനൂജൻ സഭയം
വ്യാസന്റെയാംഗ്യത്തിനാൽ;
കണ്ണൻ കൈക്കു പിടിച്ചു വാങ്ങുന്നിതാ—
ക്കൈക്കൂട്ടിലാക്കി ദ്രുതം. (൨൫)

മൂന്നാമൻ:—എയ്, ഇതാ, അമർഷത്താൽ കണ്ണു തുറന്നു ഭഗവാൻ ബലഭദ്രൻ ഭീമസേനനെ അകറുമാറു നോക്കിക്കൊണ്ട് ഇങ്ങോട്ട് എഴുന്നള്ളുന്നു. ഇദ്ദേഹം

ഭംഗിയാന്ന കിരീടമാടി, വിടന്ന ക—
ണ്ണെരിശത്തിനാൽ
ചെഞ്ചിയും, വരിവണ്ടു കോർത്തിയ മാലയി—
ത്തിരി കേറിയും
മിന്നിടുന്നിതഴിഞ്ഞു തൂങ്ങിയ നീലമെയ്—
ത്തുകിൽ താങ്ങിയും;

---

൨൫. മത്ത്=മദ്യലഹരി, ഹലി=ബലരാമൻ; ആംഗ്യം= സം ജ്ഞ. (കൈകൊണ്ടു കാണിക്കൽ.)

൨൬. ചെഞ്ചിയും=ചെമന്നും.

Digitized By Kerala Sahitya Akademi

മന്ദിതിൽപ്പരിവേഷമോടുമണഞ്ഞ വെ-
ണ്മതി പോലവേ. (൨൩)

രണ്ടാമൻ:—എന്നാൽ വരുവിൻ, നമുക്കും മഹാരാജാവി
ന്റെ അടുക്കലേയ്ക്കു പോവുക.

രണ്ടുപേരും:—ഓ, കൊള്ളാം. (എല്ലാവരും പോയി)

വിഷ്കംഭം കഴിഞ്ഞു.

— — —

(അനന്തരം ബലദേവൻ പ്രവേശിക്കുന്നു)

ബലദേവൻ:—ഹേ, ഹേ, രാജാക്കന്മാരേ, ഇതു ശരിയാ
യില്ല.

അരാതിബലകാലനാം മമ കല-
പ്പയെത്തള്ളിയും,
രണച്ചതിയുമെന്നെയും മദവശാൽ
ഗണിക്കാതെയും
സുയോധനനെയിന്നവൻ, ഗദ തുട-
ക്കുമേൽ വീഴ്ത്തിയി-
ട്ടടർത്തലയിൽ വീഴ്ത്തിനാൻ കുലവിനീ-
തിയോടൊപ്പമേ! (൨൪)

ല്ലേ ദുര്യോധന, കുറച്ചുനേരം പ്രാണനെ നിർത്തു

൨൪. അരാതിബലം=ശത്രുസൈന്യം. കുലവിനീത=വംശധർമ്മം

Digitized By Kerala Sahitya Akademi

വാസ്സും ദൈത്യവ്രജത്തിൻ പുരമതിലു പൊളി-
സ്സുന്നതായ്, സ്സ്വഃപുത്രീ-
നീക്കാശാനായ, രാതിപ്പടയുടെയൊരുയിർ-
പ്പൂജ കൈക്കൊൾവതായി,
സൌഭോച്ഛിഷ്ടാസ്യമാമെൻകരിയടവിലെട്ട-
ത്താസ്രംഘൎമ്മോദകച്ഛേ-
ഭോക്ഷ്യം വിസ്തീൎണ്ണഭീമോരസി വയലുഴുതും-
വേല സാധിപ്പതിപ്പോൾ! (൧൪)

(അണിയറയിൽ)

ഭഗവാൻ ഹലായുധൻ പ്രസാദിക്കേണമേ,
പ്രസാദിക്കണമേ!

ബലദേവൻ:— ഈ നിലയിലായിട്ടും, സാധു ദുൎയ്യോധനൻ എന്നെ അനുഗമിക്കുന്നു. ഇയ്യാൾ

പോരിൻചന്ദനമാൎദ്രരക്തമുടലിൽ-
പ്പൂശി, കിശോരോപമം
പാൎശ്വമേൽ നീന്തി രജസ്സിനാൽ ഭുജ ചക-
ന്നോനായ് ലസിക്കുന്നുതേ:

---

൧൪. നീഃശ് ആശാൻ=കാളിന്ദീജലത്തെ ചൊല്ലുടിപ്പോഴകിച്ചവൾ. സൌഭോച്ഛിഷ്ടാസ്യം=സാല്വൻെറ വിമാനം തൊട്ടിട്ട് എച്ചിലായ മുഖത്തോടുകൂടിയത്. അസ്രം=രക്തം. ഘൎമ്മോദകം=വിയൎപ്പ്. വിസ്തീ......രസി=വിരിവുള്ളതായ ഭീമൻെറ മാറിൽ.

൧൫. കിശോരോപമം=കുട്ടിയെപ്പോലെ. രജസ്സ്=പൊടി. ഭുജ=കൈ. അഗവരാൽ=മന്ദരപൎവ്വതത്തിൽനിന്ന്.

Digitized By Kerala Sahitya Akademi

പീയൂഷോന്മഥയം കഴിഞ്ഞ ഭഗവരാൽ
ദേവാസുരന്മാരഴി-
ച്ചിട്ടിട്ടാഴിയിൽ വാട്ടമോടുമിഴയു-
ന്നാ വാസുകിടപ്പോപ്പമേ. (൨൯)

(പിന്നെ തുട രണ്ടും ചതഞ്ഞ ദുൎയ്യോധനൻ പ്രവേശിക്കുന്നു)

ദുൎയ്യോധനൻ:— ഹാ, ഇതാ,
അനിലജൻ ഗദയാലതിർ വിട്ടടി-
ച്ചതുവശാൽ തുട പൊട്ടി ഞെരിഞ്ഞുപോയ്
ധരയിൽ നീന്തുകയായി ഭുജങ്ങളാൽ,
പകുതിമെയ്യിൽ മരിച്ചുകഴിഞ്ഞ ഞാൻ! (ആലോചിച്ചു)
ഭഗവാൻ ഹലായുധൻ പ്രസാദിക്കേണമേ,
പ്രസാദിക്കേണമേ!
പാരിന്മേൽ വീണവരുടെ ശിര-
സ്സൊന്നിതാ, വീണു നിങ്കാൽ-
ത്താരിൽ; ക്രോധം വെടിയുകിവിട്ട-
ന്നാദ്യ; മക്കൂട്ടർ മുററും
ജീവിക്കട്ടേ കുരുകുലനിവാ-
പാംബുപോഷങ്ങളായ്ത്താൻ!
വൈരം താനും കലഹകഥയും
ഞങ്ങളും തീൎന്നുവല്ലോ. (൩൧)

൩൧. കുരു....ഷങ്ങൾ=മരിച്ചുപോയ കുരുവംശക്കാൎക്ക് ഉദകം നല്കാനുള്ള മോഘങ്ങൾ.

Digitized By Kerala Sahitya Akademi

ബലദേവൻ:— ദുര്യോധന, കുറച്ചുനേരം പ്രാണനെ നിൎത്തുക.

ദുഃര്യോധനൻ:—ഇവിടുന്നെന്തു ചെയ്യാനാണ് ഭാവിക്കുന്നതു?

ബലദേവൻ:—കേട്ടുകൊൾക:

സീരം നേക്കാഞ്ഞുലച്ചിട്ടതിനുടെ തലയാൽ
മെയ്കളിൽച്ചാലു കീറി,—
പ്പാരം തോൾക്കെട്ടു മാൎത്തട്ടിതുകളെ മുസ്ലം
കൊണ്ടു തല്ലിപ്പിളൎത്തി,
തേരശ്വേഭങ്ങളോടൊത്തടരിലവമതിച്ചിട്ടു
ച്ചിട്ടു കുന്തീതനൂജ—
ന്മാരെ സ്വർലോകയാത്രയ്ക്കെഴുമനുമതിയെ—
യേകിവിട്ടീടുവൻ ഞാൻ! (൩൨)

ദുഃര്യോധനൻ:—അരുതേ, അരുതേ
ഭീമൻ പ്രതിജ്ഞ സാധിച്ചു;
വിണ്ണേറി നൂറു സോദരർ;
ഞാനീമട്ടിലുമായ്; രാമ,
പോരിനാൽ ഫലമെന്തിനി? (൩൩)

ബലദേവൻ:—എൻെറ മുമ്പിൽവെച്ചു അങ്ങയെ ചതിച്ചുവല്ലോ എന്നാണ് എനിക്കു ദേഷ്യം.

ദുര്യോധനൻ:—എന്നെ ചതിച്ചു എന്നാണോ ഇവിടുന്നു വിചാരിക്കുന്നതു?

ബലദേവൻ:—എന്തു സംശയം?

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—അഹോ, എൻെറ പ്രാണന്നു വില കിട്ടി! എന്തുകൊണ്ടെന്നാൽ,

ആ ലാക്ഷപ്പുര വെന്ത നാൾ കരുതലാൽ
സംരക്ഷ സാധിച്ചവൻ,
കൈലാസേശഗൃഹാഹവത്തിലചല-
ക്കല്ലേറു പുല്ലാക്കിയോൻ,
ക്രവ്യാദേന്ദ്രഹിഡിംബജീവിതഹരൻ
ഭീമൻ ചതിച്ചാണെനി-
ക്കേവം തോൽവി പിണഞ്ഞതെങ്കിലിഹ തോ-
റ്റിട്ടില്ല താലാങ്ക, ഞാൻ! (൩൪)

ബലദേവൻ:—ഭീമസേനൻ അങ്ങയെ യുദ്ധത്തിൽ ചതിച്ചിട്ടു ജീവിച്ചിരിക്കണമെന്നോ?

ദുര്യോധനൻ:—ഭീമസേനനാണോ എന്നെ ചതിച്ചതു്?

ബലദേവൻ:—പിന്നെയാരാണു് അങ്ങയെ ഈ നിലയിലാക്കിയതു്?

ദുര്യോധനൻ:—കേട്ടുകൊൾക:

ആരന്നാപ്പാരിജാതം സുരപതിയുടെയ-
ന്തഃപുരാന്തോടൊത്താഹരിച്ചു;
നേരമ്പോക്കായുറങ്ങീ കടലിനടിയിലാ-
യായിരം ദിവ്യവർഷം;

Digitized By Kerala Sahitya Akademi

നേരായ്പ്പോരാട്ടമെന്നെജ്ജഗദഭിമതനാ-
യീടുമദ്ദേഹമത്രേ,
സ്വൈരം ഭീമന്റെയത്യുൽക്കടഗദയിലണ-
ഞ്ഞന്തകന്നേകിവിട്ടു (൩൭)

(അണിയറയിൽ)

മാറിനില്പിൻ, ആര്യന്മാരേ, മാറിനില്പിൻ!

ബലദേവൻ:— (നോക്കീട്ട്) എയ്, ഇതാ, അത്രഭവാൻ ധൃതരാഷ്ട്രൻ ഗാന്ധാരിയോടും അന്തഃപുരസ്ത്രീകളോടുംകൂടി, ദുർജ്ജയൻ കാണിക്കുന്ന വഴിയിലൂടേ, ദുഃഖപര്യാകുലനായി ഇങ്ങോട്ടു വരുന്നു. ഇദ്ദേഹം

കൺമക്കൾ നൂറിൽ വിഭജിച്ചവനാം, തദപ്പൻ,
പൊൻതൂണൊളിപ്രസൃതബാഹു, സമഗ്രവീര്യൻ;
സ്വാങ്ഗേശനായി വരുമെന്ന ഭയത്തിനാലോ
സൃഷ്ടിച്ചു പാഴ്കുരുടനായ്, സ്മരിപ്പുമാനെ! (൩൮)

(അനന്തരം ധൃതരാഷ്ട്രനും, ഗാന്ധാരിയും, രണ്ടു രാജ്ഞിമാരും ദുർജ്ജയനും പ്രവേശിക്കുന്നു.)

ധൃതരാഷ്ട്രൻ:— മകനേ, നീ എവിടെയാണ്?

ഗാന്ധാരി:— മകനേ, നീ എവിടെയാണ്?

രാജ്ഞിമാർ:— മഹാരാജാവേ, ഇവിടുന്ന് എവിടെയാണ്?

ധൃതരാഷ്ട്രൻ:— ഹാ കഷ്ടം!

൩൮ പ്രസൃതം = നീണ്ടുകിടക്കുന്ന.

Digitized By Kerala Sahitya Akademi

ഉണ്ണിയെപ്പോരിൽ വഞ്ചിച്ചു
കൊന്നതായിഹ കേൾക്കയാൽ
അന്തർബാഷ്പാക്ഷമായ് വീണ്ടു-
മന്ധമായന്ധമെന്മുഖം. ൩൬

ഗാന്ധാരി, നീ ജീവിച്ചിരിയ്ക്കുന്നുണ്ടോ?

ഗാന്ധാരി:—ഭാഗ്യം കെട്ട ഞാൻ ജീവിച്ചിരിയ്ക്കുന്നുണ്ട്

രാജ്ഞിമാർ:—മഹാരാജാവേ. മഹാരാജാവേ!

ദുര്യോധനൻ:—ഹാ, കഷ്ടം, എന്റെ സ്ത്രീകൾക്കും കരയേണ്ടിവന്നുവല്ലോ!

മുല്ലാടരിഞ്ഞീല; ഗദാപ്രഹാര-
നോവിപ്പൊഴാണേല്പതു നിർഭരം ഞാൻ:
അണഞ്ഞുവല്ലോ മുടി മൂടിടാതെ-
യന്തഃപുരസ്ത്രീകളടർക്കളത്തിൽ! ൩൭

ധൃതരാഷ്ട്രൻ:—ഗാന്ധാരി, ദുര്യോധനൻ എന്ന കുലാഭിമാനിയെ കാണ്മാനുണ്ടോ?

ഗാന്ധാരി:—മഹാരാജാവേ, കാണ്മാനില്ല.

ധൃതരാഷ്ട്രൻ:—കാണ്മാനില്ലെന്നോ? ഇതാണ് എന്റെ അവസ്ഥ. അന്വേഷിയ്ക്കേണ്ടകാലത്തു മകനെ കണ്ടില്ലല്ലോ. ഹാ, ദുർവിധേ,

പോരിൽപ്പരോന്മഥനർ മാനധനോജ്ജ്വലന്മാർ
ധീരാഗ്ര്യർ വീരസുതരാക്കളവായി നൂറാൾ;

൩൯. പരോന്മഥനർ = വൈരികളെ മട്ടിയ്ക്കുന്നവർ.

Digitized By Kerala Sahitya Akademi

ആ മാനിയായ ധൃതരാഷ്ട്രനു, മുണ്ണി മന്നില്‍-
ത്തുകം തിലോദകമൊരിറ്റുതരാൻ ജനന്ന്മക്കുടേ? ൩൯

ഗാന്ധാരി:—ഉണ്ണി, സുയോധന, എന്നോടു മറുപടി പറയൂ. പുത്രന്മാർ നൂറുപേരും കഴിഞ്ഞുപോയതിനാൽ സങ്കടപ്പെടുന്ന ഭാഗ്യം കെട്ട മഹാരാജാവിനേയും ആശ്വസിപ്പിക്കൂ.

ബലദേവൻ:—എയ്, ഇതാ, തത്രഭവതി ഗാന്ധാരി,
തൻപുത്രപൌത്രവധനങ്ങളിലാസ്ഥ വിട്ടു,
ദുര്യോധനാസ്തമയശോകവിധേയയായി
കണ്ണീരുകൊണ്ടിഹ പതിവ്രതചിഹ്നമായ
കൺമൂടുചേല'യധുനാ സതതം നനപ്പൂ. ൪൦

ധൃതരാഷ്ട്രൻ:—മകനേ, ദുര്യോധന, പതിനെട്ടു് അക്ഷൌഹിണിയുടെ മഹാരാജാവേ, നീ എവിടെയാണ്.

ദുര്യോധനൻ:—ഇന്നാണ് ഞാൻ മഹാരാജാവായതു്!

ധൃതരാഷ്ട്രൻ:—പുത്രശതജ്യേഷ്ഠ, എന്നോടു മറുപടി പറയൂ.

ദുര്യോധനൻ:—മററു വൃത്താന്തത്തെക്കുറിച്ചു പറയാം.

---

൩൯. തിലോദകം=എള്ളോടുകൂടിയ വെള്ളം.

൪൦. വിധേയ=അടിമപ്പെട്ടവൾ. ഭർത്താവിനെപ്പോലെ കണ്ണുകാഴ്ചയില്ലാതാവാൻ, ഗാന്ധാരി എപ്പോഴും വസ്ത്രംകൊണ്ടു കണ്ണുകൾ കെട്ടിയിരുന്നുപോൽ. ഇതാണ്, 'പതിവ്രതചിഹ്നമായ കൺമൂടുചേല'.

Digitized By Kerala Sahitya Akademi

ഈ സംസാരത്തിൽ എനിയ്ക്കു ലജ്ജയുണ്ട്

ധൃതരാഷ്ട്രൻ:—വത്സ മകനേ, എന്നെ അഭിവാദ്യംചെയ്യുക.

ദുര്യോധനൻ:—ഇതാ, ഇതാ, ഞാൻ വരുന്നു. (എഴുന്നേല്പാൻ ഭാവിച്ചുവീഴുന്നു.) ഹാ, ഇതെനിയ്ക്കു രണ്ടാമത്തെ അടിയായി. കഷ്ടമേ!

ഗദാനിപാതയുദ്ധത്തിൽ—
കവൎന്നിതു വൃകോദരൻ
ഇന്നെൻതുടകളോടൊന്നി—
ച്ചച്ഛൻതൻ കാൽവണങ്ങലും. ൪൨.

ഗാന്ധാരി:—കുഞ്ഞുങ്ങളേ, ഇതിലേ.

രാജ്ഞിമാർ:—അമ്മേ, ഇതാ ഞങ്ങൾ.

ഗാന്ധാരി:—ഭൎത്താവിനെ തിരഞ്ഞുനോക്കുവിൻ.

രാജ്ഞിമാർ.—ഭാഗ്യം കെട്ട ഞങ്ങൾ പോകാം.

ധൃതരാഷ്ട്രൻ:—ആരാണിതു്, എന്റെ വസ്ത്രത്തുമ്പുപിടിച്ചു വഴി കാണിയ്ക്കുന്നതു്?

ദുൎജ്ജയൻ:—മുത്തച്ഛാ, ഞാൻ ദുൎജ്ജയൻ.

ധൃതരാഷ്ട്രൻ:—പൌത്ര, ദുൎജ്ജയ, അച്ഛനെ അന്വേഷിയ്ക്കൂ.

ദുൎജ്ജയൻ:—ഞാൻ ക്ഷീണിച്ചിരിയ്ക്കുന്നു.

ധൃതരാഷ്ട്രൻ:—ചെല്ലു, അച്ഛന്റെ മടിയിൽ വിശ്രമിയ്ക്കാം.

ദുൎജ്ജയൻ:—മുത്തച്ഛാ, ഞാൻ പോകാം. (അടുത്തുചെന്നിട്ട്) അച്ഛാ, ഇവിടുന്നു് എവിടെയാണു്?

Digitized By Kerala Sahitya Akademi

ദുര്യോധനൻ:— അല്ലാ, ഇവനും വന്നിട്ടുണ്ടോ? എല്ലാററിലുമധികം മനസ്സിലുള്ള പുത്രസ്നേഹമാണ് എന്നെ ചുട്ടെരിക്കുന്നത് എന്തുകൊണ്ടെന്നാൽ,

ദുഃഖം കാണാതെ പതിവാ-
യെന്നങ്കത്തിൽശ്ശയിച്ചവൻ
ദുർജ്ജയൻ ജിതനാമെന്നെ-
ക്കണ്ടിട്ടെന്തൊന്നു ചൊല്ലിടും? ൪൨

ദുർജ്ജയൻ:— ഇതാ, മഹാരാജാവു നിലത്തു കിടക്കുന്നു.

ദുര്യോധനൻ:— മകനേ, എന്തേ പോന്നതു്?

ദുർജ്ജയൻ:— അച്ഛൻ വരാൻ വൈകിയതുകൊണ്ടു്.

ദുര്യോധനൻ:— ആവൂ! ഈ നിലയിൽ പുത്രസ്നേഹം മനസ്സിനെ ചുട്ടെരിക്കുന്നു.

ദുർജ്ജയൻ:— ഞാൻ അച്ഛൻെറ മടിയിൽ കേറിയിരിക്കട്ടെ! (മടിയിൽ കേറുന്നു.)

ദുര്യോധനൻ:— (തടുത്തിട്ട്) ദുർജ്ജയ, ദുർജ്ജയ,— ഹാ കഷ്ടം!

കരളിൽക്കുളിരേകുമാരെനി-
ക്കേറ്റോരു നേത്രോത്സവമായിരുന്നുവോ,
പരമാപ്ലുതതിങ്കൾ താനിതാ,
എരിതീയ്യായിതു കാലവൈഭവാൽ! ൪൩

ദുൎജ്ജയൻ:—എന്താണ്, മടിയിലിരിയ്ക്കാൻ സമ്മതിയ്ക്കാ ത്തതു്?

ദുൎയ്യോധനൻ:—

ശീലിച്ചതു വെടിഞ്ഞുണ്ണീ,
വല്ലേടത്തുമിരിയ്ക്കനീ:
ഇന്നുതൊട്ടു നിനക്കില്ലീ
മുന്നം വാണൊരിരിപ്പിടം. ൪൪

ദുൎജ്ജയൻ:—മഹാരാജാവു് എവിടെയ്ക്കാണ് എഴുന്ന ള്ളുന്നതു്?

ദുൎയ്യോധനൻ:—ഞാൻ, അനുജന്മാർ നൂറുപേരും പോ രേടത്തേയ്ക്കു പോകയാണ്

ദുൎജ്ജയൻ:—എന്നേയും അങ്ങോട്ടു കൊണ്ടുപോകണം.

ദുൎയ്യോധനൻ:—മകനേ, ചെന്നു ഭീമസേനനോടു പറയു.

ദുൎജ്ജയൻ:—മഹാരാജാവേ, വരു! ഇവിടുത്തെ അന്വേ ഷിയ്ക്കുന്നുണ്ടു്

ദുൎയ്യോധനൻ:—മകനേ, ആരു്?

ദുൎജ്ജയൻ:—മുത്തശ്ശിയും, മുത്തച്ഛനും, എല്ലാ അന്തഃപു രസ്ത്രീകളും

ദുൎയ്യോധനൻ:—ഉണ്ണി, പോയ്ക്കോളുക. എനിയ്ക്കു നട പ്പാൻ വയ്യ.

ദുൎജ്ജയൻ:—അച്ഛനെ ഞാൻ കൊണ്ടുപോകാം

ദുൎയ്യോധനൻ:—മകനേ, നീ കുട്ടിയാണല്ലോ.

Digitized By Kerala Sahitya Akademi

ഢജ്ജയൻ:—(ചുററിനടന്ന്) മുത്തച്ഛ, ഇതാ, മഹാരാജാവ്

രാജ്ഞിമാർ:—ഹാ, ഹാ, മഹാരാജാവ്!

ധൃതരാഷ്ട്രൻ:—മഹാരാജാവെവിടെ?

ഗാന്ധാരി:—എന്റെ മകൻ എവിടെ?

ഢജ്ജയൻ:—ഇതാ, മഹാരാജാവു നിലത്തു കിടക്കുന്നു.

ധൃതരാഷ്ട്രൻ:—ഹാ കഷ്ടം! ഇതാണോ മഹാരാജാവ്?

പൊൻതൂണിനോളം വലുതായിരുന്ന
ലോകൈകരാജേശ്വരനാമവൻ മേ
വൻകോട്ടവാതിൽത്തഴുതിന്റെ പാതി
വലുപ്പമാർന്നൂഴിയിൽ വീണു പാവം!

ഗാന്ധാരി:—കുഞ്ഞേ, സുയോധന, നീ ക്ഷീണിച്ചിരിക്കുന്നോ?

ദുര്യോധനൻ:—ഇവിടുത്തെ മകനാണല്ലോ ഞാൻ.

ധൃതരാഷ്ട്രൻ:—ഇതാരാണ്?

ഗാന്ധാരി:—മഹാരാജാവേ, ധീരപുത്രന്മാരെ തന്ന ഞാൻ.

ദുര്യോധനൻ:—ഞാൻ ഇപ്പോഴും ജനിച്ചതായി തോന്നുന്നു. അച്ഛ, ഇനി വ്യസനിച്ചിട്ടു ഫലമെന്താണ്?

ധൃതരാഷ്ട്രൻ.—മകനേ, എങ്ങിനെ വ്യസനിക്കാതിരിക്കും?

Digitized By Kerala Sahitya Akademi

ബലവീര്യകൃതാവലേപർ, യുദ്ധ-
ക്രതുവിൽ ദ്ദീക്ഷിതർ, മുൻ നശിച്ചുപോയോർ,
തവ സോദരർ, നീയൊരാളും മൃതിപ്പെ-
ട്ടതിലത്രേ മൃതിയേററു നൂറുപേരും! ൪൩

(വീഴുന്നു)

ദുര്യോധനൻ:—അയ്യോ, അവിടുന്നു വീണുപോയല്ലോ! അച്ഛാ, അമ്മയെ ആശ്വസിപ്പിയ്ക്കണേ!

ധൃതരാഷ്ട്രൻ:—മകനേ, എന്തു പറഞ്ഞു് ആശ്വസിപ്പിയ്ക്കേണ്ടു?

ദുര്യോധനൻ:—യുദ്ധത്തിൽ പിന്മാറാതെ കൊലപ്പെട്ടു എന്നു് അച്ഛൻ, ദുഃഖമടക്കി എന്നെ അനുഗ്രഹിച്ചാലും!

ദീപ്താഗ്നിയെക്കൂടി നിനച്ചിടാതെ, നിൻ-
തൃക്കാൽക്കൽ മാത്രം തല താഴ്ത്തിവന്ന ഞാൻ,
സജാതനായേതൊരു മാനമോടുമൊ-
ത്താ, മാനമോടേ സുരനാടു പൂകുവൻ. ൪൪

ധൃതരാഷ്ട്രൻ:—

ജീവിച്ചിരിപ്പാൻ കൊതിയററവൃദ്ധ-
നായി, പ്രകൃത്യന്ധനമാമിവങ്കൽ,
കരാംകനം നീക്കി മുതിർന്നു കേറി-
ക്കയത്തിടുന്നൂ കടുപുത്രദുഃഖം. ൪൫

ബലദേവൻ:—അയ്യോ, കഷ്ടം!

കരാംകനം=ധൈര്യം.

Digitized By Kerala Sahitya Akademi

അനുഷ്ടുപ്

ആളാകുന്നില്ല ഞാൻ തീരെ-
ദ്ദുര്യോധനനിരാശനായ്
പുത്രന്ധനാമിദ്ദേഹത്തോ-
ടെന്നെച്ചെന്നറിയിക്കുവാൻ. (൪൯)

ദുര്യോധനൻ:— ഞാൻ അമ്മയോടുണർത്തിക്കുന്നു.

ഗാന്ധാരി:—മകനേ, പറയൂ.

ദുര്യോധനൻ:—

അനുഷ്ടുപ്

കുമ്പിട്ടു ചൊല്ലാം: പുണ്യം ഞാൻ
ചെയ്തിട്ടുണ്ടെന്നിരിക്കിലോ,
മറുജന്മത്തിലുമെനി-
ക്കമ്മയാകിവിടുന്നു താൻ! (൫൦)

ഗാന്ധാരി:—എന്റെ ആഗ്രഹമാണ് നീ പറഞ്ഞതു.

ദുര്യോധനൻ:—മാളവി, നീയും കേൾക്കുക:

സ്രഗ്ദ്ധര

ഈയെൻകോട്ടാഞ്ഞരമ്പാഹവസമയഗദ-
ത്തല്ലിനാൽ വിണ്ടിരിപ്പൂ;
മാറിൽത്തൂമുത്തുമാലയ്ക്കിടമപഗതമായ്
പോർത്തിണപ്പൊങ്ങൽമൂലം;
കാൺകീ മിന്നും ക്ഷതപ്പൊൻചുമൽവളകളണി-
ക്കൈകൾ; പിന്നോട്ടൊഴിയ്ക്കാ-
തല്ലോ പോരിൽക്കൊലപ്പെട്ടതു പതി; കരയാ-
നെന്തിതിൽ ക്ഷത്രിയേ, നീ? (൫൧)

---

൫൧. കോട്ടാഞ്ഞരമ്പ് = ഭ്രുകടി. അപഗതമായ് = ഇല്ലാതായി.
ക്ഷത......ളകൾ = മുറിവുകളാകുന്ന സ്വർണ്ണാംഗദങ്ങൾ.

Digitized By Kerala Sahitya Akademi

മാളവി:—ബാലയും സഹധർമ്മചാരിണിയുമായ എനി ക്കു കരച്ചിൽ വന്നുപോകുന്നു:

ദുര്യോധനൻ:—പൌരവി, നീയും കേട്ടുകൊൾക:

നാനാളിഷ്ടമഖങ്ങൾ ചെയ്തു ശരിയായ്;
ബന്ധുക്കളെത്താങ്ങിനേൻ;
വാണേൻ വൈരിനിരയ്ക്കു മീതെ; വളരെ
ക്ഷേമം ശ്രിതർക്കേകിനേൻ;
ഞാനേററി യുധി പത്തുമെട്ടുമവനി-
ശാക്ഷൌഹിണിയ്ക്കല്ലലെൻ,-
മാനം മാനിനി, കണ്ടു നീ—കരയുകി-
ല്ലേതാദൃശസ്ത്രീജനം. ൧൨)

പൌരവി:—ഉടൻതടിചാടുവാൻ ഉറച്ചിരിയ്ക്കുന്ന ഞാൻ കരയുന്നില്ല.

ദുര്യോധനൻ:—ദുർജ്ജയ, നീയും കേട്ടുകൊൾക:

ധൃതരാഷ്ട്രൻ:—എന്താണാവോ പറയാൻ തുടങ്ങുന്നതു?

ഗാന്ധാരി:—ഞാനും അതുതന്നെയാണ് ആലോചിയ്ക്കുന്നതു.

ദുര്യോധനൻ:—പാണ്ഡവന്മാരെ എന്നെ എന്നപോലെ ശുശ്രൂഷിയ്ക്കണം. അമ്മ കുന്തീദേവി പറയുന്നതുപോ

---

൧൨. ശ്രിതർ=ആശ്രയിച്ചവർ. നീ എന്നതിന്നു ശേഷം 'കരയരുത്' എന്ന പദം അധ്യാഹരിക്കണം. ഏതാ.....ജനം-ഇത്തരത്തിലുള്ള പുരുഷന്മാരുടെ സ്ത്രീകൾ.

Digitized By Kerala Sahitya Akademi

ലെ നടക്കണം. അഭിമന്യുവിൻെറ അമ്മ, ദ്രൗപദി എന്നിവരെ അമ്മയെപ്പോലെ ആദരിയ്ക്കണം. നോക്ക മകനേ,

ശാ ർദ്ദൂല---

ഭൂരിശ്രീയഭിമാനദീപ്തമതിയാ-
മെൻതാതദുൎയ്യോധനൻ
നേരിട്ടേ യുധിഷ്ഠിരനാൽ നിഹതനാ-
യെന്നല്ലൽ നീ കൈവിട്ടു,
ചാരേ ധൎമ്മസുതൻെറ നൽവളയണി-
ക്കൈ തൊട്ടു നിന്നിട്ടു താൻ
വീരേ കേണമെനിയ്ക്കു പാണ്ഡവരുമായ്-
പ്പേർ ചൊല്ലി നിൎത്തുമ്പൊഴും നീ (൩൭)

ബലഭദ്രൻ:— ഹാ, വൈരം പശ്ചാത്താപമായി പരി ണമിച്ചു. എന്തൊരു ശബ്ദം!

മാറി ശബ്ദ
പടയുടെ പടഹക്കൊട്ടററു നിശ്ശബ്ദമായി,-
ക്കുട കുട കവചച്ഛത്രാലവട്ടങ്ങളും ചിന്നി,
ഭടരഥകരർ കൊല്ലപ്പെട്ടതാമിസ്ഥലത്താ-
ത്തുടെ ചിലയൊലി കാകോൽഭ്രാന്തമാകുന്നുവാനം? (൩൮)

(അണിയറയിൽ)

---

൩൭. എന്നു=എന്ന വിചാരിച്ചു നൽവള=ശേഷക്രിയയ്ക്കു കയ്യിന്മേൽ കെട്ടുന്ന നൽക്കാപ്പ്. പേർ ചൊല്ലി നിൎത്തുമ്പോൾ=പുരോഹിതൻ പേർ പറഞ്ഞു ഉടകന.

൩൮. രഥകരർ=സൂതന്മാർ. ചിലയൊലി=വില്ലൊച്ച. കാകോൽഭ്രാന്തം=കാക്കകൾ അരവരന്ന പാറുന്നതു്.

Digitized By Kerala Sahitya Akademi

കോദണ്ഡി ദുര്യോധനനൊത്ത പോർമുഖം
യാതൊന്നുപുക്കേനൊ;—ഇതുതന്നെ വീണ്ടുമേ
പൂകട്ടെ,യുദ്ധാശ്വ പിരിഞ്ഞിടാതെഴും
൨൦ വൃത്താശ്വമേധത്തിനെയെന്നപോലെ ഞാൻ. (൧൭

ബലദേവൻ:—ഏയ്, ഇതാ, ഗുരുപുത്രൻ അശ്വത്ഥാമാവ് ഇങ്ങോട്ടു വരുന്നു. ഇദ്ദേഹം,

൨൧ ഇരുവെള്ളത്താരിതളെതിർവിശാ-
ലാക്ഷിയുഗ്മത്തൊടും, ശ്രീ-
താവും പൊൻതൂൺവടിവിൽ നെടുതായ്-
തൂങ്ങിടും കൈകളോടും,
കൈവില്ലഗ്രം ചുണയൊടു വലി-
ച്ചിട്ടു ശോഭിച്ചിടുന്നു:
കാർവില്ലേന്തും കൊടുമുടിയുമാന്-
ത്തി പെടും മേരു പോലെ. (൧൮)

(പിന്നെ അശ്വത്ഥാമാവ് പ്രവേശിക്കുന്നു)

അശ്വത്ഥാമാവ്:—ഹേ, ഹേ, പോരിന്നൊരുങ്ങിയ ഇരു സൈന്യമാകുന്ന രണ്ടു സമുദ്രം ഒന്നിച്ചു ചേർന്നതിൽ ഉയർന്നുവന്ന ആയുധങ്ങളാകുന്ന മുതലകളാൽ കൃത്ത ശരീരരായി, സ്വല്പം മാത്രം അവശേഷിച്ചവരായി,

---

൨൦. വൃത്താശ്വമേധം = അവസാനിച്ച അശ്വമേധം.

Digitized By Kerala Sahitya Akademi

വീഷ്ണു തീരെ അടങ്ങിയിട്ടില്ലാത്തവരായ പടയാളിരാ-
ജാക്കന്മാരേ, നിങ്ങൾ കേൾക്കുവിൻ, കേൾക്കുവിൻ!

ഇട ചതിയിൽ ഞെരിഞ്ഞൊട്ടപ്പെട്ട കൌരവ്യരാട്ട-
ല്ല;-ഫലശിഥിലശസ്ത്രൻ സൂതജന്മാവുമല്ല;
വിജയമടരിൽ വീഴ്ത്തപ്പെട്ട ... നാന്നിട്ടനു
തപ്രയൊട്ട കണ്ണ കൈക്കൊണ്ടൊരു ... ദ്രൌ-
ണിയാം ഞാൻ! (൬)

എനിക്കു വിജയശ്ലാഘകൊണ്ടും ലാഭമില്ലാത്തതായ ഈ യുദ്ധംകൊണ്ടെന്താണ്? (ചുററിനടന്നിട്ട്) ഛേ, ഛേ, ഞാൻ അച്ഛനു ശേഷക്രിയ ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കെ, കുരുതിലകനായ ദുര്യോധനനെ വഞ്ചിച്ചുകളഞ്ഞു! ഇതു ആർ വിശ്വസിക്കും? എന്തെന്നാൽ,

തേരാനപ്പുറമേറിയിട്ട പതിനൊ-
ന്നക്ഷൌഹിണിഭൂപരി-
ഞ്ഞാർതൻ കല്പന കാത്തു കാർമ്മുകമണി-
ക്കൈക്കൊള്ളി നില്പായിതാ,
ഭീഷ്മൻ രാമശരാവലീധ്വകവചൻ
പോർ ചെയ്തിതാക്കപ്പനം,

൩൩. കൌരവ്യരാട്=ദുര്യോധനൻ. സൂതജന്മാവ്=കർണ്ണൻ.

൩൭. രാമ......വചൻ=പരശുരാമന്റെ ശരങ്ങളാൽ തകർക്കപ്പെട്ട ചട്ടയോടുകൂടിയവൻ. രഥിവരൻ=മഹാരഥൻ.

Digitized By Kerala Sahitya Akademi

കാലം താൻ വിജയിച്ചിതാ രഥിവരൻ
ദുര്യോധനൻതന്നെയും! (൫൭)

ഗാന്ധാരീപുത്രൻ എങ്ങോട്ടു പോയി? (ചുററിനോക്കിയിട്ട്) ഏയ്, ഇതാ, കൊല്ലപ്പെട്ട തേരാനകുതിരകളാകുന്ന മതിലിൻനടുവിൽ, സമരസമുദ്രത്തിന്റെ മറുകര പൂക്ക കുരുരാജാവു്! ഇദ്ദേഹം,

കോടീരം നിപതിച്ചഴിഞ്ഞു ചിതറും
കേശങ്ങൾതൻ കാന്തി ചേ-
ന്നീ,ടേറും ഗദയേററു പൊട്ടി രുധിരം
വാർന്നീറനാം മെയ്യുമായ്,
ചൂടററസ്ഥമയാദ്രിതൻമുകളിലായ്-
പ്പാററപ്പുറം പൂക്കമ-
ന്നീടും സന്ധ്യയിലാണ്ട പശ്ചിമരവി-
ക്കൊപ്പം വിളങ്ങുന്നുതേ. (൫൮)

(അടുത്തു ചെന്നിട്ട്) ഹേ കുരുരാജാവേ, ഇതെന്താണ്?

ദുര്യോധനൻ:— ഗുരുപുത്ര, അസന്തുഷ്ടിയുടെ ഫലം.

അശ്വത്ഥാമാവ്:— കുരുരാജാവേ, ഞാൻ സല്ക്കാരമൂലം ആവശ്യപ്പെടാം.

ദുര്യോധനൻ:— അങ്ങു് എന്തു ചെയ്യാനാണ് ഭാവം?

അശ്വത്ഥാമാവ്:— കേൾക്കു:

---

൫൮. കോടീരം=കിരീടം. സന്ധ്യയിലാണ്ട=അന്തിച്ചോപ്പു ചേന്ന.

Digitized By Kerala Sahitya Akademi

സ്ഥൂലശ്രീഗരുഡപ്പുറത്തു കയറി-
പ്പേടിപ്പെട്ടത്തും ...
നാലൊത്തുദ്ധൃതശാർങ്ഗചക്രമമരി-
ന്നേൽപ്പെട്ടിട്ടും കൃഷ്ണനെ,
ആലേഖ്യങ്ങൾ കലർന്നിയേകവടിവായ്-
ത്തീർന്നോരു ചിത്രത്തിനെ-
പ്പോലേ, പാണ്ഡവരോടു കൂടിയടരിൽ-
ച്ചിന്തിപ്പനസ്രൂങ്ങളാൽ. (൩൦)

ദുര്യോധനൻ:—വേണ്ടാ, വേണ്ടാ.

നിലംപൊത്തി സാക്ഷാൽ നൃപതികുലമൊ-
ട്ടുക്കിവിടെ; വി-
ണ്ടലം പൂകീ കർണ്ണൻ ശയനഗതനായ്
ശന്തനുസുതൻ;
കൊലപ്പെട്ടു നൂറും മമ സഹജർ നേ-
രിട്ടടരിലീ,
നിലയ്ക്കായി നാമും; ഗുരുതനയ, വിൽ
വെയ്ക്കുക ഭവാൻ! (൩൧)

അശ്വത്ഥാമാവ്:—കുരുരാജാവേ,

ഗദാഘാതനിയുദ്ധത്തി-
ലധുനാ പാണ്ഡുനന്ദനൻ
കവർന്നോ തുടയോടൊത്തു
ഭവാന്റെയഭിമാനവും? (൩൨)

൩൧. ശന്തനുസുതൻ=ഭീഷ്മർ.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—ഇല്ല, ഇല്ല; മാനധനന്മാരാണ് രാജാക്കന്മാർ. മാനത്തിന്നു വേണ്ടിത്തന്നെയാണ് ഞാൻ കൊലയേററതും. ഗുരുപുത്ര, നോക്കൂ:

മാ ദ്യൂ . . .
ച്ചൂതിൽപ്പ്രാപ്തിയാളെ വാർമുടി പിടി-
ച്ചന്നിട്ടിഴപ്പിച്ചതും,
പൈതൽപ്പൂൺപ,ഭിമന്യുവെപ്പുനരണി-
പ്പോരമുന്നിലായ്ക്കൊന്നതും,
കള്ളച്ചൂതതിൽ വെന്നു പാൎത്ഥരെ വനം
വാഴിച്ചതും പാൎക്കിൽ-
ത്തെല്ലല്ലീ ചിരമാററുനോററവരെനി-
ക്കേല്പിച്ച മാനക്ഷയം? ൬൩

അശ്വത്ഥാമാവ്:—എന്തായാലും ഞാൻ ഉറച്ചു കഴിഞ്ഞു.

'ഭവാനേയുമീയെന്നെയും വീരലോക-
ങ്ങളേയും പിടിച്ചാണയിട്ടോതിടുന്നേൻ:
നിശായുദ്ധമോന്നേപ്പെടുത്തിട്ടു, പോരിൽ-
പ്പൃഥാപുത്രരെച്ചുട്ടുപൊട്ടിച്ചുവൻ ഞാൻ! (൬൪)

[ബ]ലദേവൻ:—ഗുരുപുത്രൻ ഇപ്പറഞ്ഞതു നടക്കും.

[അ]ശ്വത്ഥാമാവ്:—ഓ, ശ്രീമാൻ ബലഭദ്രൻ!

൬൩. പൈതൽപ്പൂൺപ് = കമാരന്മാൎക്ക് ആഭരണം, ശ്രേഷ്ഠകുമാരൻ.

Digitized By Kerala Sahitya Akademi

ധൃതരാഷ്ട്രൻ:—ഹം, ചതിക്കസാക്ഷിയുണ്ടല്ലോ.

അശ്വത്ഥാമാവ്:—ദുർജ്ജയ, വരു.

ഉപജാതി

പിതൃപ്രതാപാലവകാശമാന്നു
ഭുജാബലോപാർജ്ജിതമായ നാട്ടിൽ
വിപ്രോക്തിയാൽ പാൎത്ഥിവനായി വാഴ്ക
പട്ടാഭിഷേകക്രിയയെന്നിയേ നീ! (൬൭)

ദുൎയ്യോധനൻ:—ഹാ, മനസ്സാക്ഷി പറഞ്ഞ വിധം ഞാൻ ചെയ്തു. എൻെറ പ്രാണങ്ങൾ വിട്ടുപോകുന്നു. ഇതാ, ശന്തനു തുടങ്ങിയ പൂജ്യന്മാരായ എൻെറ പിതൃപിതാമഹന്മാർ. ഇതാ അനുജന്മാർ നൂറു പേരും കൎണ്ണനെ മുമ്പിലാക്കി എതിരേല്ക്കുന്നു. ഇതാ, ഇന്ദ്രൻെറ കയ്യും പിടിച്ച് ഐരാവതത്തിൻെറ പുറത്തിരിക്കുന്ന കാകപക്ഷധരനായ അഭിമന്യു എന്നോടു കോപിച്ചു സംസാരിക്കുന്നു. ഇതാ, ഉൎവ്വശി മുതലായ അപ്സരസ്ത്രീകൾ എൻെറ അടുക്കലേക്കു വരുന്നു. ഇതാ, ദേഹം പൂണ്ട മഹാസമുദ്രങ്ങൾ. ഇതാ, ഗംഗ മുതലായ മഹാനദികൾ. ഇതാ ആയിരം അരയന്നങ്ങളെ പൂട്ടിയ വീരവിമാനം എന്നെകൊണ്ടു ചെല്ലാനായി കാലൻ അയച്ചിരിക്കുന്നു. ഇതാ, ഇതാ, ഞാൻ വരുന്നു.

(സ്വൎഗ്ഗാരോഹണം ചെയ്യു.)

(തിരശ്ശീല വീഴുന്നു.)

Digitized By Kerala Sahitya Akademi

ധൃതരാഷ്ട്രൻ:—

ഇതാ, പൂകുന്നേൻ ഞാൻ സുജനധനമാം
താപസവനം;
സുതാപായാലെന്തിന്നിവനു ഫലശൂ-
ന്യം ജനപദം?

അശ്വത്ഥാമാവ്:—

ഉറക്കത്തിൽക്കൊൽവാൻ വിശിഖമൊടുചെൽ-
വൻ സപദി ഞാൻ.
ഭരിക്കട്ടേ ഭൂവസ്തമിതരിപുവായ്
നമ്മുടെ നൃപൻ!

(എല്ലാവരും പോയി.)

---

൩൩. സുജനധനം=സജ്ജനങ്ങൾ ധനമായി കരുതുന്നത്, സുതാപായാൽ=പുത്രനാശം നിമിത്തം. ജനപദം=രാജ്യം. അസ്തമിതരിപു=വൈരികളെ മുടിച്ചവൻ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi